# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.441      28.02.2017 - ലെ മറുപടിക്ക്

**ചോദ്യം**      **ഉത്തരം**

ശ്രീ. വി.ടി.ബൽറാം      ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>നോട്ട് നിരോധനം മൂലം വരുമാന നഷ്ടം</u>**

| | | |
|---|---|---|
| (എ) | നോട്ട് നിരോധനം മൂലം സംസ്ഥാനത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഉണ്ടാക്കിയ ഇടിവ് എത്രത്തോളമുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ 31/12/16 വരെയുള്ള താല്ക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 3.15 ശതമാനം കറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63 ശതമാനത്തിന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8 ശതമാനം വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ഡിസംബറിൽ കുറിച്ചത് (17.45 ശതമാനം താഴ്ന്ന്) 2.35 ശതമാനം വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26 ശതമാനത്തിന്റേയും ഡിസംബറിൽ വിൽപ്പന നികുതിയിൽ 17.43 ശതമാനത്തിന്റേയും രജിസ്ട്രേഷൻ നികുതിയിൽ 26.40 ശതമാനത്തിന്റേയും വാഹന നികുതിയിൽ 11.44 ശതമാനത്തിന്റേയും ആകെ തനത് വരുമാനത്തിൽ 16.33 ശതമാനത്തിന്റേയും കറവ് ഉണ്ടായിട്ടുണ്ട്.<br>നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമെ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്രസർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത് സംസ്ഥാനത്തിലേക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക |

| | | |
|---|---|---|
| | | പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന 19 ശതമാനം വളർച്ച കൈവരിക്കാനുള്ള സാധ്യത കുറവാണ് |
| (ബി) | ഇത് പദ്ധതി നടത്തിപ്പിനെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിന് സർക്കാർ പദ്ധതികളിലൂടെയുള്ള ചെലവഴിക്കൽ വർദ്ധിപ്പിക്കുകയെന്നത് അത്യന്താപേക്ഷിതമായി കാണുന്നു. എന്നാൽ നോട്ട് അസാധുവാക്കൽ നികുതി വരുമാനത്തിലുണ്ടാക്കിയ വൻ ഇടിവ് മേൽ ദിശയിലുള്ള പ്രവർത്തനത്തിന്റെ വ്യാപ്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. പക്ഷെ ഈ പരിമിതമായ സാഹചര്യത്തിലും പരമാവധി പൊതുപണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആത്മാർത്ഥവും ഊർജ്ജിതവുമായ പരിശ്രമം സർക്കാർ നടത്തിയിരുന്നു. എന്നാൽ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണങ്ങൾ മൂലം ട്രഷറിയിലെ ക്രയവിക്രയ ങ്ങൾക്ക് തടസം നേരിട്ടു. സംസ്ഥാനത്തിന്റ വരുമാനത്തിലുണ്ടായ കുറവ് നിമിത്തമുള്ള സാമ്പത്തിക ഞെരുക്കവും ട്രഷറി ഇടപാടുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണവും മൂലം സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ വേഗത മന്ദീഭവിക്കുകയും സംസ്ഥാനത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളെ ഇത് മൊത്തത്തിൽ പിന്നോട്ടടിക്കുകയും ചെയ്തിട്ടുണ്ട്. കറൻസി പിൻവലിക്കൽ ബഡ്ജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്തിന് നികുതി ഇനത്തിൽ ലഭിക്കേണ്ട തുക മുഴുവൻ പിരിച്ചെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | അക്കൗണ്ടന്റ് ജനറലിന്റെ 31.12.2016 വരെയുള്ള കാലയളവിലെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ 63.46 ശതമാനവും ആകെ നികുതി വരുമാനം 64.27 ശതമാനവുമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ ഇത് യഥാക്രമം 61.03 ശതമാനവും 61.76 ശതമാനവുമായിരുന്നു. |

സെക്ഷൻ ഓഫീസർ